# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/197/2017 2017 സെപ്റ്റംബർ 20

## പത്രക്കുറിപ്പ്

**എം.എസ്.ഡബ്ല്യു. സ്പോട്ട് അഡ്മിഷൻ**

2017 – 18 അക്കാദമിക വർഷം അഫിലിയേറ്റഡ് കോളേജുകളിലെ എം.എസ്.ഡബ്ല്യു. പ്രോഗ്രാമിൽ ഒഴിവുള്ള മെരിറ്റ് സീറ്റുകളിലേക്ക് നേരത്തെ പ്രവേശന പരീക്ഷയെഴുതാത്ത വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി സ്പോട്ട് പ്രവേശനം നടത്തുന്നതാണ്. www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന എം.എസ്.ഡബ്ല്യു. വിജ്ഞാപനപ്രകാരം യോഗ്യതയുള്ളവർ പൂരിപ്പിച്ച അപേക്ഷയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും, അപേക്ഷാഫീസും ലേറ്റ് ഫീസും അടച്ച രസീതുകളും സഹിതം സെപ്തംബർ 26ന് (ചൊവ്വാഴ്ച) രാവിലെ 11 മണിക്ക് സർവ്വകലാശാലയിലെ ക്യാപ് സെല്ലിൽ ഹാജരാകണം. ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ മേൽ സൂചിപ്പിച്ച വെബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷാ തീയതി**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 pm to 9 pm), ആറാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷകൾ ഒക്ടോബർ 13നും മൂന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 pm to 9 pm) പരീക്ഷകൾ ഒക്ടോബർ 12നും ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ സെപ്തംബർ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 3 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി സെമസ്റ്ററിന് 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ 2017ൽ എം.എസ്.സി. പ്രോഗ്രാമിന് എസ്.ടി. വിഭാഗത്തിൽ ഒരു ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി സെപ്തംബർ 25ന് ഉച്ച കഴിഞ്ഞ് രണ്ട് മണിക്കുള്ളിൽ സ്കൂൾ ഡയറക്ടർ മുമ്പാകെ ഹാജരാകണം. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ബി.എ. മൾട്ടിമീഡിയ, ബി.എ. അനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, ബി.എ. വിഷ്വൽ ആർട്സ് (സി.ബി.സി.എസ്.എസ്. ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2013 & 2014 അഡ്മിഷൻ) ഏപ്രിൽ 2017 പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്തംബർ 25ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് മെറ്റീരിയൽ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്തംബർ 26, 27 തീയതികളിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ.

**പരീക്ഷാഫലം**

2016 ഏപ്രിൽ മാസം സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ്, പൊളിറ്റിക്സ് (പബ്ലിക് പോളിസി ആന്റ് ഗവർണൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ഏപ്രിൽ മാസത്തിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. പാളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ്, പൊളിറ്റിക്സ് (പബ്ലിക് പോളിസി ആന്റ് ഗവർണൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം

പ്രസിദ്ധപ്പെടുത്തി.

## എം.ജി.യിൽ പ്രോജക്ട് ഫെല്ലോ ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ പ്രോജക്ട് ഫെല്ലോയുടെ ഒഴിവിലേക്ക് വാക്ക് - ഇൻ ഇന്റർവ്യൂ നടത്തുന്നു. ബയോ കെമിസ്ട്രിയിലോ ബയോ ടെക്നോളജിയിലോ ഉള്ള ബിരുദാനന്തര ബിരുദവും മോളിക്യുലാർ ബയോളജിയിലുള്ള പ്രവർത്തി പരിചയവുമാണ് യോഗ്യത. ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസം, പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളുമായി സെപ്തംബർ 27ന് രാവിലെ 10 മണിക്ക് നാനോസയൻസ് കേന്ദ്രത്തിൽ ഹാജരാകണം. ഫോൺ: 9447712540.

## എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്ക് ശിൽപ്പശാല

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കുവേണ്ടി നടത്തുന്ന പഞ്ചദിന ശിൽപ്പശാലയുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിച്ചു. ബ്രിട്ടീഷ് കൗൺസിലിന്റെയും രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്മെന്റിന്റെയും നേതൃത്വത്തിലുള്ള ആക്റ്റീവ് സിറ്റിസൺസ് പ്രോഗ്രാമിന്റെ ഭാഗമായാണ് ഈ ശിൽപ്പശാല സംഘടിപ്പിക്കുന്നത്. എൻ.എസ്.എസ്. വോളണ്ടിയർമാരെ സാമൂഹ്യബോധമുള്ള പൗരന്മാരായി വാർത്തെടുക്കുന്നതിനുവേണ്ടി പ്രോഗ്രാം ഓഫീസർമാർക്ക് പരിശീലനം നൽകുകയാണ് ശില്പശാലയുടെ ലക്ഷ്യം. ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. എൻ.എസ്.എസ്. സ്റ്റേറ്റ് ലയ്സൺ ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ ആശംസ അർപ്പിച്ചു. എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ ഡോ. സന്തോഷ് പി. തമ്പി സ്വാഗതവും ഡോ. സാജു എബ്രഹാം നന്ദിയും പറഞ്ഞു.

**അടിക്കുറിപ്പ്**
**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കുള്ള പഞ്ചദിന ശിൽപ്പ ശാലയുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു. സിൻഡിക്കേ റ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. സന്തോഷ് പി. തമ്പി എന്നിവർ സമീപം**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**